വിധേയമായും വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്കും ഇതര ജീവനക്കാർക്കും വേണ്ടി പ്ലാന്റേഷൻ കോർപ്പറേഷൻ ഒരു ഭവനനിർമ്മാണ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരളസംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡ് തൊഴിലാളികൾക്ക് 30.3.1998 മുതലും, പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികൾക്ക് 14.12.1998 മുതലും, ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് 8.3.1999 മുതലും ഭവനവായ്പ അനുവദിക്കുന്നതിനുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതി നിലവിൽവന്നു. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്കുള്ള കൃഷിവകുപ്പിന്റെ പദ്ധതി 1999 ജനുവരി ഒന്നു മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) മൈത്രി നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ചില അധിക ആനുകൂല്യങ്ങൾ നൽകിയാണ് ഈ മൂന്നു സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് വായ്പ അനുവദിക്കുന്നത്. മൈത്രി നിക്ഷേപപദ്ധതിയുടെ നിബന്ധനകളും മറ്റ് വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്ലാന്റേഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയിൽ 5 വർഷത്തെ സേവന ദൈർഘ്യമുള്ള ജീവനക്കാരന് 50 മാസത്തെ അടിസ്ഥാനശമ്പളമോ ഒരു ലക്ഷത്തിഇരുപത്തിയ്യായിരം രൂപയോ അല്ലെങ്കിൽ അപേക്ഷിക്കുന്ന തുകയോ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. ഈ വായ്പ ലഭിക്കുന്ന ജീവനക്കാരനോ അയാളുടെ ഭാര്യ/ഭർത്താവ്/കുട്ടികൾ എന്നിവർക്കോ സ്വന്തമായി വീടുണ്ടാവാൻ പാടില്ല. ഇങ്ങനെ അനുവദിക്കുന്ന വായ്പ അപേക്ഷകന്റെ ബാക്കി നിൽക്കുന്ന സർവ്വീസ് കാലം കണക്കാക്കി പരമാവധി 216 മാസതവണകളായി മുതലും പലിശയും ചേർത്ത് തിരിച്ചുപിടിക്കുന്നതാണ്. ഈ വായ്പയ്ക്ക്, 12% പലിശ ഈടാക്കുന്നതാണ്.

(ഡി) ഭവന നിർമ്മാണ ബോർഡ് മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നവയും, പ്ലാന്റേഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്നവയുമായ പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ഇ) പ്രസ്തുത പദ്ധതിപ്രകാരം ഓരോ ഭവനത്തിനും 28000/- രൂപാ വീതം ഭവന നിർമ്മാണ ബോർഡ് നൽകുന്നു. ഇതിൽ 19000/- വായ്പയും 9000/- രൂപാ സർക്കാർ സബ്സിഡിയും ആയിരിക്കും. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷനിൽ 5 വർഷത്തെ സേവനദൈർഘ്യമുള്ള ജീവനക്കാരന് 50 മാസത്തെ അടിസ്ഥാനശമ്പളമോ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപയോ അല്ലെങ്കിൽ അപേക്ഷിക്കുന്ന തുകയോ ഏതാണ് കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്.

10 (*37) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :

† അനുബന്ധം II (എ)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം വിശദമാക്കുമോ;

(ബി) ഇതിനായി ജില്ലാടിസ്ഥാനത്തിൽ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) പട്ടിക സമുദായക്കാർക്കുള്ള ക്ഷേമ പദ്ധതികൾ ഇടനിലക്കാർ ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതിനായി ഈ സമിതികൾ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാനതലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പുസെക്രട്ടറിയും പ്രത്യേക അവലോകനയോഗം നടത്താറുണ്ട്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും അവലോകനയോഗങ്ങൾ നടത്താറുണ്ട്. കൂടാതെ ജില്ലാ പ്ലാനിംഗ് കമ്മിറ്റികളും പട്ടികജാതി-പട്ടികവർഗ്ഗ വികസന സമിതികളും സംസ്ഥാന ഉപദേശകസമിതിയും ക്ഷേമപ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്താറുണ്ട്.

(ബി)&(സി) ഉണ്ട്. ജില്ലാതലത്തിൽ പുരോഗതി വിലയിരുത്തുന്നതിനുള്ള ചുമതല ജില്ലാ പ്ലാനിംഗ് കമ്മിറ്റിയ്ക്കാണ്. പട്ടികജാതി-പട്ടികവർഗ്ഗ വികസന കാര്യങ്ങളിൽ ഈ കമ്മിറ്റിയെ സഹായിക്കുന്നതിന് ഇതിന്റെ സബ്കമ്മിറ്റിയായി പട്ടികജാതി-പട്ടികവർഗ്ഗവികസനത്തിനായുള്ള ജില്ലാതല കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു.

(ഡി) പദ്ധതികൾ ആവിഷ്കരിക്കുമ്പോൾത്തന്നെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുകയും ഇടനിലക്കാർ കടന്നുവരാനുള്ള സാദ്ധ്യതകൾ ഒഴിവാക്കുകയും ചെയ്യാറുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ഗ്രാമസഭകളോ വാർഡു സഭകളോ ആയതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിനുള്ള സാദ്ധ്യത ഒഴിവാക്കപ്പെടുന്നു. പശ്ചാത്തല സൗകര്യങ്ങൾക്കുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നത് ഗുണഭോക്തൃ കമ്മിറ്റിയായതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിനുള്ള സാദ്ധ്യതയും ഒഴിവാക്കപ്പെടുന്നുണ്ട്.

11 (*38) വൈദ്യുതിചാർജ് വർദ്ധന

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എ. കണാരൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly